(ബി) 2002 മുതൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ നൽകുന്ന ഫീസ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

2002-2003	—	3,000 രൂപ
2003-2004	—	36,000 രൂപ (വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ താഴെയുള്ളവർക്ക് 18,000 രൂപ)
2004-2005	—	4,000 രൂപ
2005-2006	—	4,000 രൂപ

(സി) 2003-2004 വർഷത്തിൽ പ്രവേശനം ലഭിച്ചവർക്ക് മാത്രം ലഭിക്കുന്നില്ല. പ്രസ്തുത വർഷം മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ 26-5-2003-ലെ ജി.ഒ.(ആർടി.) 718/2003/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 36,000 രൂപയും 19-6-2003-ലെ ജി.ഒ.(ആർടി.) 869/2003/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 60,000 രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ 18,000 രൂപയുമാണ് ഫീസിനത്തിൽ നൽകേണ്ടത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആൻസർ സ്ക്രിപ്റ്റ് ചെയ്യുന്നതിന് പരിശീലനവും പൊതുചോദ്യപേപ്പറും

120 [3104] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. കെ. എ. ചന്ദ്രൻ:
,, *സി. പി. മുഹമ്മദ്:*
,, *വർക്കല കഹാർ:*
,, *കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ ആൻസർ സ്കിപ്റ്റ് പരിശോധിക്കുന്നതിന് പരിശീലനം ലഭിക്കാത്ത എത്ര അദ്ധ്യാപകരുണ്ട്;

(ബി) ഇവർക്ക് എന്നത്തേക്ക് പരിശീലനം നൽകുവാൻ കഴിയും;

(സി) ഹൈസ്കൂൾ ക്ലാസ്സുകളിലെ ഓണം, ക്രിസ്മസ് പരീക്ഷകൾക്കുകൂടി പൊതുചോദ്യപേപ്പർ ഉപയോഗിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ പൊതുചോദ്യപേപ്പറുകൾ എപ്രകാരം തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ആൻസർ സ്ക്രിപ്റ്റ് പരിശോധിക്കുന്നതിന് പ്രത്യേകം പരിശീലനം ആവശ്യമില്ല. മറിച്ച് പഠനം എത്രത്തോളം കാര്യക്ഷമമായി നടന്നുവെന്ന് എങ്ങനെ വിലയിരുത്താം; വിലയിരുത്തലിന് ഉപയോഗിക്കുന്ന ഉപാധികൾ ഏവ; അവ സൂക്ഷ്മമായി ഉപയോഗിക്കുന്നതെങ്ങനെ; തുടങ്ങിയുള്ള കാര്യങ്ങളിലാണ് പരിശീലനം നൽകുന്നത്. ആൻസർ സ്ക്രിപ്റ്റ് പരിശോധിക്കുന്നത് അത്തരത്തിലുള്ള വിലയിരുത്തലിന്റെ ഒരു ഭാഗം മാത്രമാണ്. വിലയിരുത്തലുമായി ബന്ധപ്പെടുത്തി പരിശീലന പരിപാടികൾ സെക്കന്ററി തലത്തിൽ ഇതിനകം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. പ്രൈമറി തലത്തിലെ പരിശീലന പരിപാടികൾ എസ്.എസ്.എ. യുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സേ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഹയർ സെക്കന്ററി പ്രവേശനം

121 [3105] *ശ്രീ. തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി സേ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഈ വർഷം തന്നെ പ്ലസ് വണ്ണിൽ പ്രവേശനം ലഭിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പല ഹയർ സെക്കന്ററി സ്കൂളുകളിലും ഇവർക്ക് പ്രവേശനം നിഷേധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലസ് വണ്ണിൽ 10% സീറ്റ് വർദ്ധന നടപ്പാക്കിയത് പൂർണ്ണമായും പ്രയോജനപ്പെടുത്തിയ എത്ര സ്കൂളുകളുണ്ട്;

(ഡി) ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കിയതുകൊണ്ട് പാരലൽ കോളേജിൽ പഠിക്കാൻ കഴിയാത്ത ഇവർക്ക് ഈ വർഷം തന്നെ ഹയർ സെക്കന്ററി വിദ്യാഭ്യാസം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി സേ പരീക്ഷ എഴുതി പാസ്സായവർക്കുകൂടി ഹയർ സെക്കന്ററി കോഴ്സിന് അപേക്ഷിക്കുന്നതിനായി അപേക്ഷ തീയതി 22-7-2005 വരെ ദീർഘിപ്പിച്ചിരുന്നു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly